# കേരള സർക്കാർ

നം.സി2/69/2018/ഐ&പിആർ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(സി) വകുപ്പ്
തിരുവനന്തപുരം, തീയതി **13/04/2018**

## <u>താല്പര്യപത്രം ക്ഷണിക്കുന്നു</u>

സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ കൂടുതൽ ജനങ്ങളിലെത്തിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ എൽ ഇ ഡി വാളുകൾ വാടകയ്ക്കെടുത്ത് പ്രചരണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ ആവശ്യത്തിലേക്കായി സ്വന്തമായി എൽ ഇ ഡി വാളുകൾ കൈവശമുള്ള ബന്ധപ്പെട്ട ഏജൻസികളെ/പരസ്യ ഏജൻസികളെ എംപാനൽ ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നു. താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി എംപാനൽ ചെയ്യപ്പെടാൻ താൽപര്യമുള്ള ബന്ധപ്പെട്ട ഏജൻസികളിൽ/പരസ്യ ഏജൻസികളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു.

**നിബന്ധനകൾ**

1. താൽപര്യപത്രം സമർപ്പിക്കാനാഗ്രഹിക്കുന്ന ബന്ധപ്പെട്ട ഏജൻസികൾക്ക്/പരസ്യ ഏജൻസികൾക്ക് രജിസ്ട്രേഷനും മൂന്നു കോടിയിൽ കുറയാത്ത വാർഷിക ടേൺ ഓവറും ഉണ്ടായിരിക്കണം.
2. എൽ ഇ ഡി വാളുകൾ സ്വന്തം കൈവശത്തിലുള്ളതായിരിക്കണം. ഇതു സംബന്ധിച്ച രേഖകളുടെ പകർപ്പ് താൽപര്യപത്രത്തോടൊപ്പം സമർപ്പിക്കണം. ബന്ധപ്പെട്ട ഏജൻസികൾക്ക്/പരസ്യ ഏജൻസികൾക്ക് ഈ മേഖലയിൽ കുറഞ്ഞത് രണ്ടു വർഷത്തെ പ്രവർത്തി പരിചയം ഉണ്ടായിരിക്കണം.
3. പ്രധാന പാതകൾ മറ്റ് പ്രധാനപ്പെട്ട സ്ഥലങ്ങൾ എന്നിവിടങ്ങളിലെ എൽ ഇ ഡി വാളുകളാണ് പ്രധാനമായും എംപാനൽ ചെയ്യാനായി പരിഗണിക്കുക.
4. സർക്കാരിന്റെ ഏതെങ്കിലും ജോലി ഏറ്റെടുത്ത് വീഴ്ച വരുത്തിയ ബന്ധപ്പെട്ട ഏജൻസികൾക്ക്/പരസ്യ ഏജൻസികൾക്ക്

താൽപര്യപത്രം സമർപ്പിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

5. കുറഞ്ഞത് ഒരു വർഷത്തേയ്ക്കായിരിക്കും ബന്ധപ്പെട്ട ഏജൻസികളെ/ പരസ്യ ഏജൻസികളെ എംപാനൽ ചെയ്യുക. എന്നാൽ കാലാവധി നീട്ടാനോ കുറയ്ക്കാനോ സർക്കാരിന് അധികാരമുണ്ടായിരിക്കും.

6. മതിയായ കാരണത്താൽ എംപാനൽ ചെയ്യപ്പെട്ട ഏജൻസിയെയോ ഏജൻസികളെയോ ലിസ്റ്റിൽ നിന്ന് നീക്കാനും മറ്റു നടപടികൾ സ്വീകരിക്കാനുമുള്ള അധികാരവും സർക്കാരിനുണ്ടായിരിക്കും.

7. എൽ ഇ ഡി വാളുകളിൽ പ്രദർശിപ്പിക്കേണ്ട വീഡിയോ/കാർഡ് ഡിസൈൻ വകുപ്പ് നൽകുന്നതാണ്.

8. താൽപര്യപത്രത്തിൽ 3 0 ദിവസത്തെ വാടകനിരക്കാണ് രേഖപ്പെടുത്തേണ്ടത്. 30 ദിവസത്തേയ്ക്കോ അതിൽ കൂടുതൽ ദിവസത്തേയ്ക്കോ എൽ ഇ ഡി വാളുകൾ വാടകയ്ക്കെടുത്തേക്കാവുന്നതാണ്. ആവശ്യമുള്ള കാലാവധിയിലേയ്ക്കു മാത്രമേ എൽ ഇ ഡി വാളുകൾ വകുപ്പിന്റെ ആവശ്യത്തിനായി വാടകയ്ക്കെടുക്കുകയുള്ളു.

താൽപര്യമുള്ള ബന്ധപ്പെട്ട ഏജൻസികൾ/പരസ്യ ഏജൻസികൾ താഴെപ്പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയ താൽപര്യപത്രം 2018 ഏപ്രിൽ 20- ന് ഉച്ചതിരിഞ്ഞ് 3 മണിക്കകം മുദ്ര വച്ച കവറിൽ ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം 695001 എന്ന വിലാസത്തിൽ എത്തിക്കണം. സൈറ്റ്, എൽഇഡി വാളുകൾ എന്നിവയുടെ ഫോട്ടോകളും താൽപര്യപത്രത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**നൽകേണ്ടവിവരങ്ങൾ**

1. എൽ ഇ ഡി വാളുകളുടെ സൈറ്റ്(വിശദമായ വിവരം - ഫോട്ടോ സഹിതം).
2. ജില്ല.
3. എൽ ഇ ഡി വാളുകളുടെ വലിപ്പം.
4. വാടക(30ദിവസത്തേയ്ക്ക്).
5. ഈടാക്കുന്ന നികുതികളുടെ വിവരം.
6. വാർഷിക ടേണോവർ (രേഖകളുടെ പകർപ്പ് സമർപ്പിക്കണം.)
7. അനുവദിക്കുന്ന സൗജന്യ സേവനങ്ങൾ.
8. ഇ- മെയിൽ.
9. ബന്ധപ്പെടേണ്ട വ്യക്തിയുടെ ഫോൺ നമ്പർ.

10 .ബന്ധപ്പെടേണ്ട വ്യക്തിയുടെ മൊബൈൽ നമ്പർ.

VINOD P
ADDITIONAL DIRECTOR